CMY

23

നവംബർ 2020

തിങ്കൾ

1196 വൃശ്ചികം 8 1442 റ ആഖിർ 7

# കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 ■ KARAVAL DAILY PUBLISHED FROM KASARAGOD ■ കാസർകോട്•പുസ്തകം 27 •ലക്കം 227 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

## തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട സ്ത്രീ പീഡനത്തിനു ഇരയായതായി സംശയം; അന്വേഷണം ഊർജ്ജിതം

ബേഡകം: വീട്ടിനകത്ത് ദുരൂഹസാഹചര്യത്തിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട സ്ത്രീ ലൈംഗീകപീഡനത്തിനു ഇരയായിട്ടുണ്ടോയെന്നു സംശയം. മൃതദേഹം പോസ്റ്റുമോർട്ടം ചെയ്ത ഫോറൻസിക് സർജന്റെ സംശയത്തെ തുടർന്ന് പൊലീസ് അന്വേഷണം ഊർജ്ജിതമാക്കുകയും കേസ് അന്വേഷണ ചുമതല ഇൻസ്പെക്ടർ ഏറ്റെടുക്കുകയും ചെയ്തു. പള്ളത്തുങ്കാൽ, പയ്യങ്ങാനം കോളനിയിലെ 66 കാരിയെ വെള്ളിയാഴ്ച രാവിലെയാണ് അടച്ചുറപ്പില്ലാത്ത വീട്ടിനകത്തു തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തിയത്. ഇൻക്വസ്റ്റിനു ശേഷം മൃതദേഹം ജനറൽ ആശുപത്രിയിൽ എത്തിച്ചപ്പോൾ രഹസ്യ ഭാഗത്ത് രക്തസ്രാവം കണ്ടതാണ് സംശയത്തിനു ഇടയാക്കിയത്. തുടർന്ന് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ച് പോസ്റ്റു മോർട്ടം നടത്തി. തൂങ്ങിമരണമാണെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ട്. മരിക്കുന്നതിനു മുമ്പ് സ്ത്രീ ലൈംഗീക പീഡനത്തിനു ഇരയായിരിക്കാമെന്നും അതു വഴിയാണ് രക്തസ്രാവം ഉണ്ടായതെന്നു സംശയിക്കുന്നതായും ഡോക്ടർമൊഴി നൽകി.

ഇതോടെയാണ് അന്വേഷണം ഊർജ്ജിതമാക്കാൻ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി ഇവരുടെ വീട്ടിൽ പൊലീസ് നായയെ എത്തിച്ച് തെളിവെടുപ്പു നടത്തി. ഫോറൻസിക് വിദഗ്ദ്ധരും വിരലടയാള വിദഗ്ദ്ധരും സ്ഥലത്തെത്തി വീട്ടിനകത്തും മറ്റും പരിശോധന നടത്തി.

മൃതദേഹത്തിൽ നിന്നു എടുത്ത സാമ്പിളുകൾ രാസപരിശോധനയ്ക്കും അയച്ചു. ഇതിന്റെ റിപ്പോർട്ട് കിട്ടുന്നതോടെ പീഡനം നടന്നിട്ടുണ്ടോയെന്ന കാര്യത്തിൽ വ്യക്തത ഉണ്ടാകുമെന്നാണ് അന്വേഷണ സംഘത്തിന്റെ കണക്കുകൂട്ടൽ.

## ദുരൂഹസാഹചര്യത്തിൽ പുഴയിൽ കാണാതായ യുവാവിനെ കണ്ടെത്താനായില്ല

ബദിയഡുക്ക: ഷേണി പുഴയിലെ മണിയമ്പാറയിൽ കുളിക്കുന്നതിനിടയിൽ കാണാതായ ഉപ്പള, സ്വദേശിയെ കണ്ടെത്താനായില്ല. മൂന്നാം ദിവസമായ ഇന്നും തെരച്ചിൽ തുടരുന്നു. ഉപ്പളയിലെ ടാക്സി ഡ്രൈവറും മുൻ കപ്പൽ ജീവനക്കാരനുമായ ഇംതിയാസ് അഹമ്മദി(41) നെ മിനിഞ്ഞാന്ന് ഉച്ച കഴിഞ്ഞാണ് പുഴയിൽ കാണാതായത്. സംഭവത്തിൽ സഹോദരന്റെ പരാതിയിൽ ബദിയഡുക്ക പൊലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

സംഭവത്തെ കുറിച്ച്



കാണാതായ ഇംതിയാസ്

പൊലീസ് പറയുന്നത് ഇങ്ങനെ " ശനിയാഴ്ച്ച ഉച്ചകഴിഞ്ഞാണ്



ഇംതിയാസിനെ കണ്ടെത്താനായി ഷേണി പുഴയിൽ നടന്ന തിരച്ചിൽ

ഇംതിയാസും ഒരു യുവതിയും മണിയമ്പാറയിൽ എത്തിയത്. കുളിക്കുന്നതിനിടയിൽ ഇംതിയാസ് മുങ്ങിയ കാര്യം യുവതിയാണ് 25 മീറ്റർ അകലെയുള്ള വീട്ടിലെത്തി വിവരം പറഞ്ഞത്. ഉടൻ തന്നെ നാട്ടുകാരും പിന്നീട് ഫയർഫോഴ്സും പൊലീസുമെത്തി തിരച്ചിൽ ആരംഭിച്ചുവെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല.യുവാവിനൊപ്പം ഉണ്ടായിരുന്ന യുവതിയെ കഴിഞ്ഞ ദിവസം വനിതാ സെല്ലിൽ പാർപ്പിച്ച് വിശദമായ മൊഴിയെടുത്തു. അതിനു ശേഷം ഇന്നലെ രാവിലെ ബന്ധുക്കൾക്കൊപ്പം വിട്ടയച്ചു. അതേ സമയം കാണാതായ ഇംതിയാസും യുവതിയും എന്തിനാണ് മണിയമ്പാറയിൽ എത്തിയതെന്ന കാര്യത്തിൽ വ്യക്തത ഉണ്ടായിട്ടില്ല. "

## ബാർ കോഴ കേസ്

# പിണറായിക്കും ചെന്നിത്തലക്കും എതിരെ ഗുരുതര ആരോപണം

തിരു: ബാർ കോഴ കേസിൽ മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയ്ക്കും എതിരെ ഗുരുതര ആരോപണം. ബാറുടമയായ ബിജു രമേശ് ഇന്നു രാവിലെ നടത്തിയ വാർത്താ സമ്മേളനത്തിലാണ് ഗുരുതരമായ ആരോപണം ഉന്നയിച്ചത്.കെ എം മാണി, മുഖ്യമന്ത്രി പിണറായി വിജയനെ വീട്ടിൽ എത്തി കണ്ട ശേഷമാണ് ബാർ കോഴക്കേസിന്റെ അന്വേഷണം നിലച്ചതെന്നു ബിജുരമേശൻ പറഞ്ഞു. കൂടിക്കാഴ്ച്ചയ്ക്കു ശേഷമാണ് പൊലീസ് ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് അന്വേഷണം നിർത്തിവയ്ക്കാനുള്ള നിർദ്ദേശം പോയത്. രഹസ്യമൊഴി നൽകാതിരിക്കാൻ ആഭ്യന്തരമന്ത്രിയായിരുന്ന സമയത്ത് രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ ഭാര്യയും ഫോണിൽ വിളിച്ചിരുന്നു. ഉപദ്രവിക്കരുതെന്നു ഇരുവരും തന്നോട് ആവശ്യപ്പെട്ടു. ഇതു കണക്കിലെടുത്താണ് മൊഴിയിൽ ചെന്നിത്തലയുടെ പേര് പറയാതിരുന്നതെന്നും ബിജുരമേശ് പറഞ്ഞു.



ബിജു രമേശ്

ആദ്യം തനിക്ക് പിന്തുണ നൽകിയ പിണറായിയും കോടിയേരിയും പിന്നീട് നിലപാടുമാറ്റി.ജോസ് കെ മാണി സ്വാധീനിക്കാൻ ശ്രമിച്ചതുൾപ്പെടെയുള്ള കാര്യങ്ങളും നിരവധി നേതാക്കളുടെ പേരു വിവരങ്ങളും വിജിലൻസിനു മൊഴിയായി നൽകിയതാണ്. എന്നാൽ അതിൽ യാതൊരു അന്വേഷണവും നടത്തിയില്ല. കേസുമായി മുന്നോട്ടു പോയ തനിക്ക് ന്യായവും നീതിയുമില്ല. എല്ലാ രാഷ്ട്രീയക്കാരും ഒരുപോലെയാണ്. കേസ് പരസ്പരം ഒത്തു തീർക്കാനാണ് സി പി എമ്മും കോൺഗ്രസും ശ്രമിക്കുന്നത്. ഇപ്പോഴത്തെ വിജിലൻസ് അന്വേഷണത്തിൽ താൽപ്പര്യമില്ല. ഇക്കാര്യത്തിൽ കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

സ്വർണ്ണക്കള്ളക്കടത്ത് കേസിലെ പ്രതി സ്വപ്ന സുരേഷ് വിളിച്ചിരുന്നു. എംബസിയിലെ ഉദ്യോഗസ്ഥർക്ക് മദ്യം നൽകണമെന്ന് ആവശ്യപ്പെട്ടാണ് വിളിച്ചതെന്നു ബിജുരമേശ് പറഞ്ഞു.

ബിജുരമേശിന്റെ വെളിപ്പെടുത്തലോടെ കോൺഗ്രസും സി പി എമ്മും തമ്മിലുള്ള ഒത്തുകളി പുറത്തു വന്നതായി ബി ജെ പി സംസ്ഥാന പ്രസി. കെ സുരേന്ദ്രൻ പ്രതികരിച്ചു.

## കോവിഡ് ഭീതി; വൃദ്ധൻ ജീവനൊടുക്കി



കാഞ്ഞങ്ങാട്: കോവിഡ് ഭീതിയെതുടർന്ന് വൃദ്ധൻ കവുങ്ങിൽ കെട്ടിത്തൂങ്ങി ജീവനൊടുക്കി. അമ്പലത്തറ പൊലീസ് സ്റ്റേഷൻ പരിധിയിലെ ബ്രാട്ടക്കല്ലിലെ കെളങ്ങരടിയിലെ രാഘവൻ (75) ആണ് ജീവനൊടുക്കിയത്. ഇയാളുടെ വീട്ടിനു സമീപത്തെ ഏതാനും പേർക്ക് കോവിഡ് സ്ഥിരീകരിച്ചിരുന്നു. ഇതു കണക്കിലെടുത്ത് രാഘവൻ അടക്കമുള്ള ഏതാനുംപേരെ നാളെ പരിശോധനയ്ക്ക് വിധേയരാകാൻ ആരോഗ്യവകുപ്പ് അധികൃതർ ആവശ്യപ്പെട്ടിരുന്നുവെന്നു പറയുന്നു. ഭാര്യ പരേതയായ കാരിച്ചി. മക്കൾ: ഭാരതി, സുരേന്ദ്രൻ, ബാബുരാജ്, ചന്ദ്രൻ, സിന്ധു. മരുമക്കൾ: പരേതനായ രാഘവൻ, രാധ, ബിന്ദു, ലത, ഗോപാലൻ. അമ്പലത്തറ പൊലീസ് കേസെടുത്തു.

## എലിവിഷം കഴിച്ച് മരിച്ചു



കാഞ്ഞങ്ങാട്: ഗൃഹനാഥൻ വിഷം കഴിച്ച് മരിച്ചു. അട്ടേങ്ങാനം, നായിക്കയത്തെ ജോർജ്ജ് (70)വാണ് മരിച്ചത്. ഭാര്യ: സാലി. മക്കൾ: ജോബി, ജോസി. മരുമക്കൾ: ലിൻസി, ബിജു. സഹോദരങ്ങൾ: കുഞ്ഞുമോൻ, ജോയി, ബെന്നി, മേരി, ലിസി, മോളി.

## വാറന്റു പ്രതികൾക്കെതിരെ നടപടി; വിവിധ കേന്ദ്രങ്ങളിൽ റെയ്ഡ്

കാസർകോട്: ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് പ്രമാണിച്ച് ജില്ലയിൽ വാറന്റു പ്രതികൾക്കെതിരെയും അനധികൃത വിൽപനക്കാർക്കെതിരെയും പൊലീസ് നടപടി കർശനമാക്കി.ഓരോ പൊലീസ് സ്റ്റേഷൻ പരിധിയിലെയും വാറന്റു പ്രതികളുടെ പട്ടിക തയ്യാറാക്കി നടപടി സ്വീകരിക്കാനാണ് നിർദ്ദേശം.നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാസർകോട് ടൗൺ പൊലീസ് സ്റ്റേഷൻ പരിധിയിലെ വിവിധ സ്ഥലങ്ങളിലെ നിരവധി വീടുകളിൽ എസ് ഐ വി പി വിപിൻ, ഷേഖ് അബ്ദുൽ റസാഖ് എന്നിവരുടെ നേതൃത്വത്തിൽ പൊലീസ് റെയ്ഡ് നടത്തി. ഏതാനും പ്രതികളെ പിടികൂടി. കോടതിയിൽ ഹാജരാകണമെന്ന ഉറപ്പിന്മേൽ ഇവരെ വിട്ടയച്ചതായി പൊലീസ് പറഞ്ഞു. വരും ദിവസങ്ങളിൽ മറ്റു പൊലീസ് സ്റ്റേഷൻ പരിധികളിലും തെരച്ചിൽ ഊർജ്ജിതമാക്കുമെന്ന് പൊലീസ് വൃത്തങ്ങൾ വ്യക്തമാക്കി.

## കാർ നിയന്ത്രണം വിട്ട് മറിഞ്ഞു

ബദിയഡുക്ക: നിയന്ത്രണം വിട്ട കാർ തലകീഴായി മറിഞ്ഞ് ഓടിച്ചിരുന്ന ആൾക്ക് നിസാര പരിക്ക് . കാട്ടുകുക്കെയിൽ താമസിക്കുന്ന ചെറുപുഴ സ്വദേശി അജേഷി(39)നാണ് പരിക്കേറ്റത്. ഇന്നലെ രാത്രി കാടമനയിലാണ് അപകടം.



## എൻഡോസൾഫാൻ ദുരിതബാധിതയായ യുവതി മരണപ്പെട്ടു



കാഞ്ഞങ്ങാട്: മഡിയനിലെ പരേതനായ ഗോപാലകൃഷ്ണന്റെയും പുതിയ വളപ്പിൽ നാരായണിയുടെയും മകളും എൻഡോസൾഫാൻ ദുരിതബാധിതയുമായ സുനിത (42) അന്തരിച്ചു. സഹോദരങ്ങൾ: ലത, ഗീത, സവിത, കവിത, സുനിൽകുമാർ, വിനിത, പരേതനായ ഗംഗാധരൻ.

## ഫിറോസിനെ അപമാനിക്കാൻ ശ്രമം; പൊലീസ് ആക്ട് 118 (എ) പ്രകാരം ആദ്യ പരാതി

കോഴിക്കോട്: മുസ്ലീംയൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി കെ ഫിറോസിനെ ഫെയ്സ് ബുക്കിൽ അപമാനിക്കാൻ ശ്രമിച്ച വ്യക്തിക്കെതിരെ പൊലീസ് ആക്ട് 118 (എ) പ്രകാരം കേസ് എടുക്കണമെന്ന് പരാതി. മുസ്ലീംലീഗ് നാട്ടിക നിയോജക മണ്ഡലം സെക്രട്ടറി ഫഹദ് റഹ്മാൻ ആണ് വലപ്പാട് പൊലീസിൽ പരാതി നൽകിയത്. കഴിഞ്ഞ ദിവസം പ്രാബല്യത്തിൽ വന്ന പൊലീസ് ആക്ട് 118 (എ) അനുസരിച്ചുള്ള ആദ്യ പരാതിയാണ് ഇത്. ഈ പുതിയ നിയമത്തിനെതിരെ വ്യാപക പ്രതിഷേധം ഉയർന്നിട്ടുണ്ട്.

വിവാദമായ ഈ നിയമത്തിനെതിരെ ബി ജെ പി ഹൈക്കോടതിയെ സമീപിക്കുന്നുണ്ട്. ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രനാണ് ഹൈക്കോടതിയിൽ ഹരജി നൽകുന്നത്. ഭേദഗതി പൗരാവകാശത്തിന് മേലുള്ള കടന്നുകയറ്റമാണെന്നാണ് ഹരജിയിൽ ഉന്നയിക്കുന്നത്.

## പൊലീസ് നിയമഭേദഗതിക്കെതിരെ പ്രതിപക്ഷ പ്രതിഷേധം

തിരു: വിവാദമായ പൊലീസ് നിയമഭേദഗതിക്കെതിരെ തെരുവിലിറങ്ങി പ്രതിപക്ഷം. ഇന്ന് രാവിലെ പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നും ആരംഭിച്ച പ്രതിഷേധം സെക്രട്ടറിയേറ്റിന് മുന്നിൽ സമാപിച്ചു. രമേശ് ചെന്നിത്തല, മുല്ലപ്പള്ളി രാമചന്ദ്രൻ എം എം ഹസ്സൻ തുടങ്ങിയവർ പ്രതിഷേധത്തിൽ പങ്കെടുത്തു.

## രാജ്യത്ത് 44,059 കോവിഡ് ബാധിതർ കൂടി

ന്യൂഡൽഹി:രാജ്യത്ത് കോവിഡ് ബാധിതരുടെ എണ്ണം 91,39 866 ലെത്തി. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 44,059 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. 511 പേർ കൂടി മരിച്ചതോടെ ആകെ മരിച്ചവരുടെ എണ്ണം 1,33, 738 ആയി. നിലവിൽ 4,43, 486 പേരാ് ചികിത്സയിലുള്ളത്.

ഇതുവരെ 85,62,642 പേർ രോഗമുക്തരായി.



കാസർകോട് പൊലീസ് ഇൻസ്പെക്ടറുടെ ഓഫീസിനടുത്ത് ഇരു ചക്രവാഹനങ്ങൾ നിരനിരയായി അടുക്കിവച്ചപ്പോൾ

## ഇത് ടൂ വിലർ ഷോറൂമല്ല... പൊലീസ് സ്റ്റേഷൻ പരിസരമാണ്

കാസർകോട്: ഇത് ടൂവീലർ ഷോറൂമല്ല. പൊലീസ് സ്റ്റേഷൻ പരിസരത്ത് വിവിധ കേസുകളിലായി പിടിക്കപ്പെട്ട ഇരുചക്രവാഹനങ്ങൾ നിരനിരയായി നിർത്തിയിട്ടതാണിത്.

കാസർകോട് പൊലീസ് ഇൻസ്പെക്ടറുടെ കാര്യാലയത്തിനടുത്താണ് അഞ്ഞൂറിലധികം ബൈക്കുകൾ നിരനിരയായി നിർത്തിയിട്ടിരിക്കുന്നത്. ഈ കാഴ്ച കാണുമ്പോൾ ടൂവീലർ ഷോറൂം ആണെന്നേ ജനത്തിന് തോന്നൂ. വിവിധ കേസുകളിലായി പിടിക്കപ്പെട്ട നിരവധി വാഹനങ്ങളാണ് പൊലീസ് സ്റ്റേഷൻ പരിസരത്തും മറ്റും ഉണ്ടായിരുന്നത്. വർഷങ്ങളും മാസങ്ങളുമായി പിടിക്കപ്പെട്ട ഈ വാഹനങ്ങളിൽ കാട് കയറാൻ തുടങ്ങിയതോടെ പരിസരം ശുചിയാക്കിയ പൊലീസ് കാറുകളും ലോറികളും ഉൾപ്പെട്ട വാഹനങ്ങൾ ചട്ടഞ്ചാലിലുള്ള ഡമ്പിംഗ് ഏരിയയിലേക്ക് മാറ്റിയിരുന്നു. പിന്നീടുള്ള ഇരുചക്രവാഹനങ്ങളാണ് ഇൻസ്പെക്ടറുടെ കാര്യാലയത്തിന് പിറകിലുള്ള കുന്നിന് മുകളിൽ നിലംപരപ്പാക്കി അവിടെ നിരനിരയായി അടുക്കിവെച്ചത്.

### അന്തുക്ക



മാനേജരെ ആവശ്യമുണ്ട്

കാസർകോട് പെർളയിൽ പുതുതായി ആരംഭിക്കുന്ന പെട്രോൾ പമ്പിലേക്ക് മാനേജരെ ആവശ്യമുണ്ട്.

കന്നഡ, മലയാളം ഭാഷകൾ നന്നായി അറിയാവുന്ന, 40 വയസ്സിൽ കുറവുള്ള, ഡിഗ്രി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

പെട്രോൾ പമ്പുകളിൽ മുമ്പ് ജോലി ചെയ്തവർക്കും ഗൾഫിൽ ഇതേ രംഗത്തു പ്രവർത്തിച്ചിട്ടുള്ളവർക്കും വിട്ടലിനും ബദിയഡുക്കയ്ക്കുമിടയിൽ താമസിക്കുന്നവർക്കും മുൻഗണന നൽകുന്നതാണ്.

മുമ്പ് ഏതെങ്കിലും ബിസിനസ് മാനേജ് ചെയ്തുള്ള പരിചയം ഉണ്ടായിരിക്കണം.

വിദ്യാഭ്യാസം, ജോലി പരിചയം പ്രതീക്ഷിക്കുന്ന ശമ്പളം, ഫോട്ടോ എന്നിവ kudukolipump@gmail.com എന്ന ഇമെയിലിലേക്ക് അയക്കണം.

അർഹരായവരെ മാത്രം ബന്ധപ്പെടുന്നതാണ്. മറ്റുള്ളവർ വിളിച്ച് അന്വേഷിക്കേണ്ടതില്ല.

CMY